**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **15-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.<br><br>തുറമുഖത്തിനായുള്ള 220KV സബ്സ്റ്റേഷൻ, 33KV സബ്സ്റ്റേഷൻ, പോർട്ട് ഓപ്പറേഷൻ കെട്ടിടം, ഗേറ്റ് കോംപ്ലക്സ്, സെക്യൂരിറ്റി ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ; | (ബി) | ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ വ്യവസ്ഥ പ്രകാരം AVPPL 2028 ഡിസംബറിന് മുമ്പ് തന്നെ തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർ ഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ ആകെ 2000 m നീളത്തിൽ ബെർത്തും പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ പുലിമുട്ടിന്റെ നീളവും റിക്ലമേഷൻ പ്രവർത്തികളും ആവശ്യമായ യന്ത്രോപകരണ ങ്ങളുടെ സ്ഥാപിക്കലും പൂർത്തീകരിക്കും. ടി ഘടകങ്ങൾ പൂർത്തീകരിക്കുന്നതോടു കൂടി തുറമുഖത്തിന്റെ ശേഷി 3 മില്യൺ TEU ആയി ഉയരുന്നതാണ്. തുടർ ഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. ടി തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്.<br><br>തുടർ ഘട്ടങ്ങൾക്കുള്ള പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തി**, Kerala State Pollution Control Board** മുമ്പാകെ പബ്ലിക് ഹിയറിംഗ് **2024** ജൂൺ **19-**ന് നടത്തുകയും ചെയ്തിട്ടുണ്ട്**.** പബ്ലിക് ഹിയറിംഗിൽ ഉന്നയിച്ച ആവശ്യങ്ങളും**,** പരാതികളും കൂടി പരിഗണിച്ച് തയ്യാറാക്കിയ കരട് **EIA** റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | കേരള കോസ്റ്റൽ സോൺ മാനേജ് മെന്റ് അതോറിറ്റിക്ക് **(KCZMA)** സമർപ്പിച്ചിട്ടുണ്ട്. **KCZMA** യുടെ ശുപാർശയോടെ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് തുടർഘട്ടങ്ങളുടെ പ്രവർത്തികൾ ആരംഭിക്കുവാൻ സാധിക്കും. |
| (സി) | തുറമുഖവികസനത്തോടൊപ്പം അനുബന്ധ റോഡുകളുടെയും റെയിൽവേ-ദേശീയപാത എന്നിവയുടെയും വികസനം സംബന്ധിച്ച രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തോടൊപ്പം റെയിൽ - റോഡ് കണക്ടിവിറ്റികളുടെ വികസനം അത്യന്താപേക്ഷിതമാണ്. ഇവ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>തുറമുഖത്തേയ്ക്കുള്ള റോഡ് കണക്ടിവിറ്റി സംബന്ധിച്ച്</u>**<br><br>തുറമുഖത്തെ എൻ.എച്ച് 66-മായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം AVVPL -ന്റെ ചുമതലയാണ്. 2 കി.മി നീളമുള്ള ഈ അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. എന്നാൽ ടി അപ്രോച്ച് റോഡ് എൻ.എച്ച് 66-മായി യോജിക്കുന്ന ജംഗ്ഷന്റെ (ഇന്റർസെക്ഷൻ) ഡിസൈൻ NHAI അംഗീകരിച്ചെങ്കിലും, തുറമുഖത്തിലെ ചരക്കുനീക്കം കണക്കിലെടുത്തും, ഔട്ടർ റിംഗ് റോഡിൽ നിന്നുമുള്ള ചരക്കു നീക്കവും കണക്കിലെടുത്ത് NHAI അംഗീകരിച്ച ഡിസൈൻ പുനപരിശോധിച്ച് വരികയാണ്. NHAI നിർദ്ദേശിച്ച പുതിയ ഡിസൈൻ പ്രകാരം അധികമായി ഭൂമി ഏറ്റെടുക്കേണ്ടിവരും. അധികഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക വഹിക്കുന്നത് സംബന്ധിച്ചും സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും NHAI യുമായി ചർച്ച ചെയ്ത് അടിയന്തിരമായി ഒരു തീരുമാനത്തിൽ എത്തിച്ചേരേണ്ടതുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം ജംഗ്ഷൻ നിർമ്മാണം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമെന്നതിനാൽ, തുറമുഖം പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് റോഡ് മുഖാന്തിരമുള്ള ചരക്ക് നീക്കം പ്രാവർത്തികമാക്കുവാനായി താൽക്കാലിക സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനായി NHAI യുമായുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. താത്കാലിക റോഡ് കണക്ടിവിറ്റിക്കായുള്ള രൂപരേഖ NHAI യുടെ അംഗീകാരത്തിനായി 09-09-2024 ൽ സമർപ്പിക്കുകയുണ്ടായി. ഇത് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് NH-66 മായുള്ള താത്കാലിക റോഡ് കണക്ടിവിറ്റി സാധ്യമാകുന്നതാണ്.<br><br>**<u>തുറമുഖത്തേയ്ക്കുള്ള റെയിൽ കണക്ടിവിറ്റി സംബന്ധിച്ച്</u>** |

കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ടത് 2022 മെയ് മാസത്തിലായിരുന്നു. AVPPL മായുള്ള പുതിയ സെറ്റിൽമെന്റ് കരാർ പ്രകാരം റെയിൽ പാത സ്ഥാപിക്കേണ്ട അവസാന തീയതി ദീർഘിപ്പിക്കുന്നതിന് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR പ്രകാരം 10.7 കി.മി ദൈർഘ്യമുള്ള ഒരു റെയിൽപ്പാതയാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ടി പാതയുടെ 9.02 കി.മി ദൂരവും ടണലിലൂടെയാണ് കടന്നു പോകുന്നത്. ബാലരാമപുരം, പള്ളിച്ചൽ, അതിയന്നൂർ വില്ലേജുകളിൽപ്പെട്ട 4.697 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ അന്തിമ ഘട്ടത്തിലാണ്. വിഴിഞ്ഞം വില്ലേജിൽപ്പെട്ട 0.829 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നത് പുരോഗമിച്ചു വരുന്നു. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് റെയിൽപ്പാതയ്ക്കായുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ ലഭിച്ചു. കൂടാതെ, പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ DPR ന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാൻ മന്ത്രി ഗതിശക്തി, Scheme for Special Assistance to States for Capital Investment, സാഗർമാല, റെയിൽ സാഗർ തുടങ്ങിയവയിലൂടെ റെയിൽ കണക്ടിവിറ്റി പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ ഗേറ്റ് വേ കണ്ടെയ്നർ ട്രാഫിക്കിന്റെ സാദ്ധ്യത കണക്കിലെടുത്ത് ഒരു കണ്ടെയ്നർ റെയിൽ ടെർമിനൽ (CRT) തിരുവനന്തപുരത്ത് വിഴിഞ്ഞത്തോടടുത്ത് നിലവിലെ റെയിൽ പാതയോട് ചേർന്ന് ഉടൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച ചർച്ചകൾ ദക്ഷിണ റെയിൽവെയുമായി ഇപ്പോൾ നടന്നു വരുന്നു. റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതുവരെ CRT മുഖാന്തിരം റെയിൽ

| | | | |
|---|---|---|---|
| | | | ചരക്കുനീക്കം ഇതുവഴി സാധ്യമാകുന്നതാണ്. CRT യുടെ നിർമ്മാണം റെയിൽവെ ഏറ്റെടുത്ത് ചെയ്യുന്നതിനുള്ള പ്രാരംഭ ചർച്ചയും ഇപ്പോൾ നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത ആവശ്യത്തിലേക്കായി ധനകാര്യപാക്കേജ് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എം.പി.മാരുടെ സംയുക്തസംഘം ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാൻ മന്ത്രി ഗതിശക്തി, Scheme for Special Assistance to States for Capital Investment സാഗർമാല, റെയിൽ സാഗർ തുടങ്ങിയവയിലൂടെ റെയിൽ കണക്ടിവിറ്റി പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പ്രധാന ഘടകം | ആകെ അളവ് | 30-08-2024 വരെയുള്ള പുരോഗതി | പുരോഗതി (ശതമാന കണക്കിൽ) |
|---|---|---|---|
| റിക്ലമേഷൻ | 61.374 ഹെക്ടർ | • റിക്ലമേഷൻ പ്രവൃത്തികൾ പൂർത്തിയായി.<br>• ഭാവി ഘട്ടങ്ങൾക്കായി 2.055 ഹെക്ടർ ഭൂമി കൂടി അധികമായി നികത്തിയെടുത്തിട്ടുണ്ട്. | 100% |
| ഡ്രഡ്ജിംഗ് | എക്സ്റ്റീരിയർ അപ്രോച്ച് ചാനൽ : 20.8 മീറ്റർ ആഴം<br><br>ഇന്നർ അപ്രോച്ച് ചാനൽ : 18.4 മീറ്റർ ആഴം<br><br>ടേണിംഗ് സർക്കിൾ : 18.4 മീറ്റർ ആഴം<br><br>ബെർത്ത് പോക്കറ്റ് : 18.4 മീറ്റർ ആഴം | ഔട്ടർ, ഇന്നർ അപ്രോച്ച് ചാനലുകൾ, ടേണിംഗ് സർക്കിൾ, ബെർത്ത് പോക്കറ്റ് എന്നിവ ഡ്രഡ്ജ് ചെയ്ത് ആവശ്യമായ ആഴം കൈവരിച്ചിട്ടുണ്ട്. | |
| ബ്രേക്ക് വാട്ടർ | 2960 മീറ്റർ നീളം | **കോർ** :പൂർത്തിയായി.<br><br>**ആർമർ ലെയർ** : പൂർത്തിയായി (ചെയിനേജ് 100 മീറ്ററിനും 676 മീറ്ററിനും ഇടയിലുള്ള 436 മീറ്റർ ഒഴികെ)<br><br>**അക്രോപോഡ് ലെയർ** : (ചെയിനേജ് 676 മീറ്റർ മുതൽ 2959 മീറ്റർ വരെ) ഏറ്റവും മുകളിലെ മൂന്ന് വരി അക്രോപോഡുകളുടെ പ്ലേസ്മെൻറ് ഒഴികെ ബാക്കിയുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്.<br>**വേവ് വാൾ** ആകെയുള്ള 2499 മീറ്ററിൽ 1300 മീറ്ററിന്റെ നിർമ്മാണം പൂർത്തിയായി. | 86% |
| കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 53 മീറ്റർ | നിർമ്മാണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. | 98% |
| കെട്ടിടങ്ങൾ | 35 എണ്ണം | **പൂർത്തീകരിച്ചത്** : ഓപ്പറേഷൻ | 94% |

| | | | |
|---|---|---|---|
| | | ബിൽഡിംഗ്, RMU റൂം & വാർഫ് റൂം, വർക്ക്ഷോപ്പ് & സ്റ്റോർ, ഫ്യുവൽ സ്റ്റേഷൻ, ക്യാൻറീൻ, ഇൻ & ഔട്ട് ഗേറ്റ് കോംപ്ലക്സ്, ടെസ്റ്റിംഗ് റൂം & കസ്റ്റംസ് ചെക് പോയിന്റ് സെക്യൂരിറ്റി ബിൽഡിംഗ്, പോർട്ട് സബ് സ്റ്റേഷൻ, ഇലക്ട്രിക്കൽ ഡി.ജി ഷെഡ്, മെയിൻ പാർക്കിങ് ഷെഡ്,<br><br>**പുരോഗമിക്കുന്നവ** : പോർട്ട് യൂസർ & കസ്റ്റംസ് ബിൽഡിംഗ്, ഫയർ ടെണ്ടർ, ആംബുലൻസ്, ഫ്യുവൽ ബൗസർ പാർക്കിംഗ് ഷെഡ്, റെസ്റ്റ് റൂം, ഫയർ ഫൈറ്റിങ് ആൻറ് പോർട്ടബിൾ വാട്ടർ ടാങ്ക് & പമ്പ് ഹൗസ്, OCR പോർട്ടൽ, ഇൻ ഗേറ്റ് ആക്സസ് കൺട്രോൾ ഷെഡ്, കണ്ടെയ്നർ സ്കാനർ ബിൽഡിങ്. | |
| കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ (920 മീറ്റർ x 330 മീറ്റർ) | യാർഡിന്റെ ഏകദേശം 600 മീറ്ററോളം പൂർത്തീകരിച്ചു. ബാക്കിയുള്ളതായി കണക്കാക്കുന്ന 300 മീറ്ററിന്റെ നിർമ്മാണം പുരോഗമിക്കുന്നു. | 86 % |
| പ്രോജക്ടിന്ആവശ്യമായ യന്ത്ര സാമഗ്രികൾ | ക്രെയ്നുകൾ : 32 എണ്ണം<br><br>4 ടഗ്ഗ് ബോട്ടുകൾ<br><br>2 മൂറിംഗ് ലോഞ്ചുകൾ<br><br>1 പൈലറ്റ് കം സർവ്വേ വെസ്സൽ. | **ക്രെയിനുകൾ** : 8 ഷിപ് ടു ഷോർ ക്രെയിനുകളും 23 യാർഡ് ക്രെയിനുകളും സ്ഥാപിച്ചു. ഒരു യാർഡ് ക്രെയ്ൻ ലഭ്യമാകാനുണ്ട്.<br><br>**ടഗ്ഗ് ബോട്ടുകൾ** : 4 എണ്ണത്തിൽ 2 എണ്ണം വിഴിഞ്ഞത്ത് എത്തിച്ചിട്ടുണ്ട്. മറ്റുള്ള 2 എണ്ണം കാട്ടുപ്പള്ളി, മുന്ദ്ര തുറമുഖങ്ങളിൽ പാർക്ക് ചെയ്തിരിക്കുകയാണ്.<br><br>**മൂറിംഗ് ലോഞ്ചുകൾ** : ഫാബ്രിക്കേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>**പൈലറ്റ് കം സർവ്വേ വെസ്സൽ** : തുറമുഖത്തിൽ ലഭ്യമായിട്ടുണ്ട്. | 91% |

സെക്ഷൻ ഓഫീസർ